**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3409** **26-06-2024 - ൽ മറുപടിയ്ക്ക്**

**ട്രാവൻകൂർ റയോൺസിന്റെ ലിക്വിഡേഷൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ ലിക്വിഡേഷൻ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്പനിവക വസ്തുക്കളും കമ്പനി കോമ്പൗണ്ടിലെ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ളവ e-auction മുഖേന ലേലം ചെയ്യുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ട്. നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചപ്പോൾ ഏകദേശം 1700 അപേക്ഷകൾ ലഭിച്ചിരുന്നു. അവയുടെ തീർപ്പാക്കൽ നടപടികൾ നടന്നു വരുന്നു. തൊഴിലാളികളുടെ എല്ലാ ക്ലെയിമുകളും തീർപ്പാക്കിയതിന് ശേഷം മാത്രമേ മൊത്തം ബാധ്യത കണ്ടെത്താനാകു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ ജോലിചെയ്തിരുന്ന തൊഴിലാളികൾക്ക് ആനുകൂല്യമായി കൊടുത്തുതീർക്കുവാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്പനിവക വസ്തുക്കളും കമ്പനി കോമ്പൗണ്ടിലെ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ളവ e-auction മുഖേന ലേലം ചെയ്യുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ട്. നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചപ്പോൾ ഏകദേശം 1700 അപേക്ഷകൾ ലഭിച്ചിരുന്നു. അവയുടെ തീർപ്പാക്കൽ നടപടികൾ നടന്നു വരുന്നു. തൊഴിലാളികളുടെ എല്ലാ ക്ലെയിമുകളും തീർപ്പാക്കിയതിന് ശേഷം മാത്രമേ മൊത്തം ബാധ്യത കണ്ടെത്താനാകു. |
| (സി) | ലിക്വിഡേഷന്റെ ഭാഗമായി തൊഴിലാളികൾക്കും അവകാശികൾക്കും ലഭിക്കേണ്ട ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസ്സം നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | ഇല്ല |
| (ഡി) | തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | ബഹു.കേരള ഹൈക്കോടതിയുടെ അനുവാദത്തോടെ, കമ്പനിയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ള കമ്പനിയുടെ ക്രെഡിറ്റേഴ്സിൽ നിന്നും ഓഫീഷ്യൽ ലിക്വിഡേറ്റർ നഷ്ടപരിഹാരത്തിനുള്ള അപേക്ഷ ക്ഷണിച്ചിരുന്നു. ആയതിൻമേലുള്ള നിയമനടപടികൾ നടന്നു വരികയാണ്. മേൽ നിയമനടപടികൾക്ക് ശേഷമേ ബഹു.കേരള ഹൈക്കോടതിയുടെ അനുമതിയോടെ കമ്പനിയിലെ |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾക്കുള്ള ഡിവിഡന്റ് പ്രഖ്യാപിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ